# Syro Malabar Cultural Association, Kuwait

I.E. Reg: INDEMB/KWT/ASSN/121

**Ref. No.: SMCA/CMC/D3/2016-17**
**Date : 1st April, 2017**

## സർക്കുലർ–03

എത്രയും സ്നേഹം നിറഞ്ഞ SMCA കുടുംബാംഗങ്ങളെ,

സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ, കുവൈറ്റിന്റെ 22–മത് പ്രവർത്തനവർഷം (2016–17) സമാപിക്കുകയാണ്. 23–ാമത് പ്രവർത്തനവർഷത്തിന്റെ പ്രാരംഭ ഇലക്ഷൻ നടപടിക്രമങ്ങൾ നിയമാവലി പ്രകാരം കഴിഞ്ഞ മാർച്ച് മാസത്തിൽ അരംഭിക്കുകയും നാല് ഏരിയാകളിലുമായി വർഡു പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

| ഏരിയ | എണ്ണം | |
|---|---|---|
| | കുടുംബയൂണിറ്റുകൾ | വാർഡ് |
| അബ്ബാസിയ | 30 | 111 |
| ഫഹാഹീൽ | 15 | 47 |
| സിറ്റി/ഫർവാനിയ | 9 | 27 |
| സാൽ മിയ | 10 | 26 |
| ആകെ | 64 | 211 |

**<u>വാർഡു പ്രതിനിധികൾകായുള്ള നേതൃത്വ പരിശീലന കളരി</u>**

എസ്.എം.സി.എ യുടെ വാർഡു പ്രതിനിധികളായി തെരെഞ്ഞെടുക്കപ്പെട്ടവർക്കായുള്ള പരിശീലന പരിപാടി നിയമാവലിപ്രകാരം നടത്താനുദ്ദേശിക്കുന്നു. ആയത് ഏപ്രിൽ മാസം 20–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6:30 ന് അബ്ബാസിയായിലുള്ള സെന്റ് അൽഫോൻസ ഹാളിൽ വച്ച് നടത്തുന്നതാണ്. എസ്.എം.സി.എ യുടെ കുവൈറ്റിലെ പ്രവർത്തന രീതികളെക്കുറിച്ചും ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും വിശദീകരിക്കുന്ന ഈ ക്ലാസ്സിൽ എല്ലാ വാർഡു പ്രതിനിധികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**<u>തെരഞ്ഞെടുപ്പു വിജ്ഞാപനം</u>**

മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷനറുടേയും ഏരിയാ ഇലക്ഷൻ കമ്മീഷണർമാരുടേയും സാന്നിധ്യത്തിൽ 2017 ഫെബ്രുവരി മാസം 23–ാം തീയതി വ്യാഴാഴ്ച ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ 23–) മത് പ്രവർത്തനവർഷത്തിന്റെ തുടർന്നുള്ള തെരഞ്ഞെടുപ്പു നടപടിക്രമങ്ങളും ആയതിന്റെ വിശദവിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ഔദ്യോഗികവിജ്ഞാപനം തെരഞ്ഞെടുപ്പു കമ്മിഷന്റെ നിർദ്ദേശപ്രകാരം പുറപ്പെടുവിക്കുന്നു.

**<u>സോണൽ /ഏരിയ / കേന്ദ്ര ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്</u>**

ഏരിയയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വാർഡ് പ്രതിനിധികളുടെ സംയുക്ത യോഗം ഏരിയയിൽ നിന്നുള്ള തിരഞ്ഞെടുപ്പ് കമ്മീഷണർ വിളിച്ചു ചേർക്കുകകയും അവരിൽ നിന്ന് സമവായത്തിലോ ഭൂരിപക്ഷ തീരുമാനപ്രകാരമോ സോണൽ ഭാരവാഹികൾ ,ഏരിയ ഭാരവാഹികൾ ,സോണിൽ നിന്നുള്ള കേന്ദ്ര ഭരണസമിതി പ്രതിനിധികൾ എന്നിവരെ കണ്ടെത്തുകയും ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർ ഏരിയ വാർഷിക കുടുംബസംഗമത്തിൽ സത്യപ്രതിജ്ഞ ചെയ്തു അധികാരം ഏറ്റെടുക്കേണ്ടതും ആണ്.

ഈ കുടുംബസഗമത്തിൽ വച്ച് ഏരിയ ഓഡിറ്റർ, ഏരിയ ഇലക്ഷൻ കമ്മീഷണർ എന്നിവരേയും തിരഞ്ഞെടുക്കേണ്ടതാണ് ( **See Bye Law Clause 15** )

**<u>മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ അടക്കം ഇലക്ഷൻ കമ്മീഷൻ അംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.</u>**

| | | |
|---|---|---|
| മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ | ഷാജു പോൾ കൊന്നയ്ക്കൽ | 96967380 |
| അബ്ബാസിയ | തോമസ് വേഴമ്പശ്ശേരിൽ | 94997759 |
| ഫഹാഹീൽ | സാലു പീറ്റർ | 60063764 |
| സിറ്റി/ഫർവാനിയ | ജോർജ്ജ് പാറുകണ്ണിൽ | 55524735 |
| സാൽ മിയ | അനീഷ് തെങ്ങുംപ്പള്ളി | 66161080 |

**അതാതു ഏരിയാകളിൽ നിന്നും തെരഞ്ഞെടുക്കപ്പേടേണ്ട ഭാരവാഹികളുടെ പട്ടിക, എണ്ണം മുതലായവ ചുവടെ ചേർക്കുന്നു.**

| ഏരിയ | സോണൽ ഭാരവാഹികൾ | ഏരിയ ഭരണസമിതി | കേന്ദ്രഭരണ സമിതി | ആകെ |
|---|---|---|---|---|
| അബ്ബാസിയ | സോണൽ കൺവീനർ (5)<br>സോണൽ സെക്രട്ടറി (5)<br>സോണൽ ട്രഷറർ (5)<br><br>(ഇവർ അതാത് സോണിൽ നിന്നുള്ളവർ ആയിരിക്കണം) | ജനറൽ കൺവീനർ (1)<br>ജോയിന്റ് കൺവീനർ (1)<br>ഏരിയ സെക്രട്ടറി (1)<br>ജോയിന്റ് സെക്രട്ടറി (1)<br>ഏരിയ ട്രഷറർ (1)<br>ബാലദീപതി കോർഡിനേറ്റർ (1)<br>ആർട്ട്സ് & സ്പോർട്ട്സ് കോർഡിനേറ്റർ (1<br>സോഷ്യൽ വേൽഫയർ കോർ ഡിനേറ്റർ (1)<br>കൾച്ചറൽ കോർഡിനേറ്റർ (1)<br>മീഡിയ കോർഡിനേറ്റർ (1)<br>എസ്,എം.വൈ.എം കൺവീനർ (1) | കേന്ദ്രഭരണസമിതിയംഗങ്ങൾ(10)<br><br>ഓരോ സോണിൽ നിന്ന് 2 പേർ വീതം | ആകെ 36 പ്രവർത്തകസമിതിയംഗങ്ങൾ |
| സിറ്റി/ഫർവാനിയ<br><br>ഫഹാഹീൽ &<br>സാൽ മിയ | സോണൽ കൺവീനർ (2)<br>സോണൽ സെക്രട്ടറി (2)<br>സോണൽ ട്രഷറർ (2)<br><br>(ഇവർ അതാത് സോണിൽ നിന്നുള്ളവർ ആയിരിക്കണം) | ജനറൽ കൺ വീനർ (1)<br>ജോയിന്റ് കൺ വീനർ (1)<br>ഏരിയ സെക്രട്ടറി (1)<br>ജോയിന്റ് സെക്രട്ടറി (1)<br>ഏരിയ ട്രഷറർ (1)<br>ബാലദീപതി കോർഡിനേറ്റർ (1)<br>ആർട്ട്സ് & സ്പോർട്ട്സ് കോർഡിനേറ്റർ (1)<br>സോഷ്യൽ വെൽഫയർ കോർഡിനേറ്റർ (1)<br>കൾച്ചറൽ കോർഡിനേറ്റർ (1)<br>മീഡിയ കോർഡിനേറ്റർ (1)<br>SMYMകൺവീനർ (1) | കേന്ദഭരണസമിതിയംഗങ്ങൾ (4)<br><br>ഓരോ സോണിൽ നിന്ന് 2പേർ വീതം | ആകെ 21 പ്രവർത്തകസമിതിയംഗങ്ങൾ<br>**21*3 =63** |
| SMYM പ്രസിഡന്റ് | | | Directly to CMC | **1** |
| ആകെ പ്രവർത്തക സമിതി അംഗങ്ങൾ | | | | **100** |

**4 ഏരിയകളുടെ വാർഷിക കുടുംബസംഗമങ്ങളുടെ സ്ഥലം, സമയക്രമം, മുതലായവ ഏരിയ തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.**

| | | | |
|---|---|---|---|
| സിറ്റി ഫർവാനിയ | ജവർത്ത്ശലാ അറബിക് സ്കൂൾ, റിഗ്ഗായ് | 27/04/2017 | 2:30 pm |
| അബ്ബാസിയ | അബ്ബാസിയ സെന്റ് അൽ ഫോൻസാ ഹാൽ, അബ്ബാസിയ | 28/04/2017 | 10 :00 am |
| ഫഹാഹീൽ | സബാഹിയ ടെന്റ് | 27/04/2017 | 2:00 pm |
| സാൽമിയ | സാൽ മിയ ഇൻ ഡ്യൻ കമ്മൂണിറ്റി സ്കൂൾ. സാൽ മിയ | 28/04/2017 | 2:30 pm |

**കേന്ദ്രഭരണ സമിതി തെരഞ്ഞെടുപ്പ്**

23–ാമത് കേന്ദ്രഭരണസമിതിയുടെ 12 സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് 2017 മെയ് മാസം 4–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6:30 ന് അബ്ബാസിയയിലുള്ള സെന്റ് അൽഫോൻസ ഹാളിൽ കൂടുന്ന പ്രവർത്തകസമിയിൽ നടത്തപ്പെടുന്നതാണ്. ഓരോ ഏരിയായിൽ നിന്നും തെഞ്ഞെടുക്കപ്പെട്ട കേന്ദഭരണസമിയംഗങ്ങളിൽ നിന്നുമാണ് ഈ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്. പ്രവർത്തകസമിതിയിൽ വോട്ടവകാശമുള്ള 100 അംഗങ്ങളാണ് ഉണ്ടാവുക. എല്ലാ പ്രവർത്തകസമിതി അംഗങ്ങളും നിർബന്ധമായും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ( See Bye Law Sec 15 (d) )

**വാർഷിക പൊതുയോഗവും സത്യപ്രജ്ഞയും**

വാർഷിക പൊതുയോഗം 2017 മെയ് മാസം 5–ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5:30 ന് അബ്ബാസിയയിലുള്ള സെന്റ് അൽഫോൻസ ഹാളിൽ വച്ച് നടത്തുന്നതാണ്. ഈ പൊതുയോഗത്തിൽ 2016–2017 പ്രവർത്തനവർഷത്തിലെ വാർഷിക റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നതാണ്. തുടർന്ന് 23–ാമത് കേന്ദ്ര ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് ചുമതലകൾ ഏറ്റെടുക്കുന്നതായിരിക്കും. ഇതോടൊപ്പം 2017–2018 പ്രവർത്തന വർഷത്തേക്കുള്ള കേന്ദ്ര ഓഡിറ്റർ, മുഖ്യ തെരഞ്ഞെടുപ്പു കമ്മിഷണർ എന്നിവരെ പൊതുയോഗം നിയമിക്കുന്നതാണ്.

എസ്.എം.സി.എ യുടെ 22–ാമത് പ്രവർത്തനവർഷത്തിന്റെ അവസാനമാസത്തിലേക്കടുക്കുന്ന ഈ വേളയിൽ നിങ്ങൾ എസ്.എം.സി.എ യിൽ അർപ്പിച്ച വിശ്വാസവും ഉത്തരവാദിത്വങ്ങളും പൂർണ്ണമായി നിർവ്വഹിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഒരു വർഷം എസ്.എം.സി.എ യുടെ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഓരോരുത്തരും നല്കിയ സഹായ സഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം തുടർന്നും നിങ്ങൾ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും

**22–ാമത് ഭരണസമിതിക്കുവേണ്ടി.**

**ഡെന്നി തോമസ് കാഞ്ഞൂപ്പറമ്പിൽ**
**ജനറൽ സെക്രട്ടറി**
**സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ, കുവൈറ്റ്.**